വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

Laity Reflect on Syro-Malabar Sunday Mass SCRIPTURE READINGS

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2024
മാർച്ച് 3

നോമ്പ് നാലാം ഞായർ

വ്യഭിചാരം ചെയ്യരുത്

ഉത്പ 19:1-11; 2 സാമു 12:1-7, 13-17; 2 തിമോ 2:22-26; മത്താ 5:27-32

ആദ്യകുർബാന സ്വീകരണത്തിനായി കുഞ്ഞുമക്കളെ ഒരുക്കിയിരുന്ന സമയത്ത് കുമ്പസാരത്തിനുള്ള ക്ഷ, ഞ്ഞ വരച്ച ആ സംഗതിയാണ് ഇന്നത്തെ നമ്മുടെ വിചിന്തന വിഷയം. വ്യഭിചാരം ചെയ്യരുത്.

ഈ സുവിശേഷ ഭാഗം ഉൾപ്പെടുന്ന അഞ്ചാം അധ്യായം തുടങ്ങുന്നത് ഇപ്രകാരമാണ്. ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശു മലയിലേക്ക് കയറി അവരെ പഠിപ്പിക്കാൻ തുടങ്ങി. ശ്രദ്ധേയമായ ഒരു കാര്യം, ദൈവ നിവേശകമായ- കാലാകാലങ്ങളായി കൈമാറ്റം ചെയ്യപ്പെട്ട- വിജ്ഞാനത്തിന് മീതെ ഒരു വള്ളിയോ പുള്ളിയോ അവൻ കൂട്ടിച്ചേർക്കുന്നില്ല. മറിച്ച് മനുഷ്യൻ രൂപപ്പെടുത്തിയ കരുണയില്ലാത്ത ധാർഷ്ഠ്യത്തിന്റെ ചട്ടങ്ങളിലേക്ക് സ്നേഹം എന്ന രഹസ്യക്കൂട്ട് കൂടി സന്നിവേശിപ്പിക്കുന്നു. എന്നാൽ വ്യഭിചാരം എന്ന പാപത്തിന്റെ കാഠിന്യത്തെക്കുറിച്ച് പറയുമ്പോഴാവട്ടെ, അന്ന് നിലനിന്നിരുന്ന സമൂഹ്യ/മത നിയമങ്ങളെ പൊളിച്ചടുക്കുകയും ചെയ്യുന്നുണ്ട്. ഇതോട് ചേർത്ത് വയ്ക്കാവുന്ന മറ്റൊരു വചനഭാഗം യോഹന്നാന്റെ സുവിശേഷം എട്ടാം അധ്യായമാണ്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ ഈശോയ്ക്ക് മുന്നിലേക്ക് കൊണ്ടുവരുന്ന രംഗം. മോശയുടെ നിയമപ്രകാരം വിധി നടപ്പാക്കാൻ ഒരുങ്ങുന്ന ആൾക്കൂട്ടത്തിന്റെ നാട്ടു നടപ്പല്ല, അന്ന് അവൻ അവിടെ നടപ്പാക്കുന്നത്. "നിങ്ങൾ പറയുന്നത് വേദ ങ്ങളിൽ ഇല്ല എന്ന് പണ്ടൊരു ഗുരുവിനോട് ആരോ കലഹിച്ചു. അടുത്ത പതിപ്പിൽ ഇതു കൂടി ചേർത്തോളൂ എന്ന് ഗുരുമൊഴി, മറ്റൊരിക്കൽ നിങ്ങൾ പറയുന്നത് വേദത്തിന് വിപരീതം എന്നായി ആക്ഷേപം, എങ്കിൽ അതങ്ങ് കീറികളഞ്ഞാൽ മതി എന്ന് ഉത്തരം. സർവ്വവും നിരന്തരം പരിണാമങ്ങൾക്കും രൂപാന്തരങ്ങൾക്കും വിധേയമാകുമ്പോൾ കാല ത്തിനും ദേശത്തിനും ഇണങ്ങിയ മട്ടിൽ വചനം പിന്നെയും പിന്നെയും മാംസം ധരിച്ചു കൊണ്ടിരിക്കണം" (ബോബി ജോസ് കട്ടിക്കാട്, പുസ്തകം: അവൾ).

ഇന്നത്തെ വചന ഭാഗത്ത് അവൻ പറഞ്ഞു തുടങ്ങുന്നത് ഇപ്ര കാരമാണ്, വ്യഭിചാരം ചെയ്യരുത് എന്ന് നിങ്ങൾ കേട്ടിട്ടില്ലേ? ആദ്യകുർബാന സ്വീകരണത്തിൽ ഒരുങ്ങുന്ന കുഞ്ഞിന്റെ അതേ ജിജ്ഞാസയോടെ ചോദിച്ചാലോ! എന്താണ് വ്യഭിചാരം? കേവലം ഒരു ഇന്ദ്രിയത്തിന്റെ വിശപ്പ് അടക്കാൻ

ബോബി ജോർജ്ജ്

സ്ഥലകാലവും, പ്രായബോധങ്ങളും മറക്കുന്ന മനുഷ്യരെയും, ഇണയും തുണയുമായ സ്വന്തം പെണ്ണിനെ പങ്കുവെച്ച് ആസ്വദി ക്കുന്നവരെയും, തന്റെ സംരക്ഷണത്തിന് ഭരമേൽപ്പിക്കപ്പെട്ടവരിൽ നിന്ന് മിടുക്കികളെ തിരഞ്ഞെടുത്ത് One day with ആഘോഷമാക്കിയ അധികാരിയെയും, തൊഴിലിടങ്ങളിലെ നിലനിൽപ്പിനും, ആർഭാട ജീവിതത്തിനും വേണ്ടി സ്വന്തം ശരീരം ഒരു ചൂണ്ടയാക്കി ആണിനെ ഇര യാക്കുന്ന പെണ്ണിനെയും, വിശപ്പിന് ഭക്ഷണം കിട്ടുമെന്ന് പ്രതീക്ഷിച്ച് വിരൽതുമ്പിൽ തൂങ്ങിയ പിഞ്ച് ജീവനെ ഉപയോഗിച്ചശേഷം കൊന്ന് കളയുന്നവരെയും, വ്യഭിചാരമെന്ന് കേൾക്കുമ്പോൾ നമുക്ക് ഇന്ന് ഓർമ്മ വരാറില്ല. കാരണം പീഡനമേ പീഡനം എന്ന ഒറ്റ തലക്കെട്ടിൽ പലതര ത്തിലുള്ള ഞെട്ടിക്കുന്ന കഥകൾ കേട്ട് കേട്ട് വ്യഭിചാരമെന്ന വാക്ക് നമ്മൾ മറന്നുതുടങ്ങി. ഒന്നുറപ്പാണ്, പിടിക്കപ്പെട്ടാൽ ശിക്ഷയിൽ ഇളവും, ഇരയുടെ മുറിവിന് ആഴവും സമ്മാനിക്കുന്ന ഈ പദമല്ല ഈശോ കഠിന മായി വിലക്കുന്ന വ്യഭിചാരം എന്ന വലിയ തിന്മ. സ്നേഹം ഇല്ലാത്ത സ്പർശവും കരുതലില്ലാത്ത നോട്ടവും പ്രണയമില്ലാത്ത വേഴ്ചയും ആണ ത്രേ വ്യഭിചാരം. മനുഷ്യശരീരം വെറും കാമശമനത്തിനായുള്ള ഉടൽ മാത്രമായി— ഇന്ദ്രിയങ്ങളുടെയും കൗതുകങ്ങളുടെയും, ആഘോഷ പരീ ക്ഷണങ്ങളുടെ ഇടമായി മാറുന്ന സ്ഥലങ്ങളെല്ലാം വ്യഭിചാരശാലകളു മാണ്. എന്നോ വായിച്ച ഒരു പുസ്തകത്തിലെ ഇന്നും ഓർത്തിരിക്കുന്ന വരികൾ ആണിത്.

വിവേകം ഉപയോഗിച്ച് ഉറപ്പായും നിയന്ത്രിക്കാൻ കഴിയുന്ന ഒരു വികാര ത്തിന്റെ ശമനത്തിനായി മറ്റൊരു വ്യക്തിയുടെ ശരീരത്തെ ഉപകരണം മാത്രമാക്കുന്നതിലെ സ്നേഹരാ ഹിത്യമാണ് വിഷയം. സകല ജീവജാലങ്ങളിലുമുള്ള സ്വാഭാവിക പ്രക്രിയയായ ഈ അവസ്ഥയെ ഇണചേരൽ എന്നാണ് പറയുന്നത്. എത്രയോ സുന്ദരമായ പദമാണത്. ഹൃദയത്തിൽ നിന്നുണർന്ന് ഹൃദയത്തിൽ അവശേഷിക്കേണ്ട സമർപ്പണ മാണ് ഇണചേരൽ.

വചനം തുടരുന്നതിങ്ങനെയാണ്. വ്യഭിചാരം ചെയ്യരുത് എന്ന് നിങ്ങൾ കേട്ടിട്ടില്ലേ? എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു, ആസക്തിയോടെ അവളെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു. വ്യഭിചാരത്തിൽ രണ്ട് ശരീരങ്ങളും ഒരു തലച്ചോറുമാണ് ഉണ്ടാകുന്നതെന്ന് പഴമൊഴി.

അടിമുടി മാന്യനായ ഒരു മേലുദ്യോഗസ്ഥന് മുന്നിൽ നിന്ന്, 'ഞാൻ പറയുന്ന വാക്കുകളിൽ അല്ല എന്റെ നെഞ്ചളവിലാണ് അങ്ങയുടെ മന സ്സെന്ന് ആ കണ്ണുകൾ എന്നോട് പറയുന്നു സാർ' എന്ന് ശബ്ദം കുറച്ചു പറഞ്ഞ് മീറ്റിങ്ങ് അവസാനിപ്പിച്ച് എഴുന്നേറ്റുപോയ ഒരു പെൺ സുഹൃ ത്തിനെ ഓർമ്മ വരുന്നു. പിറ്റേന്ന് ആ ഉദ്യോഗസ്ഥൻ നീണ്ട അവധിയിൽ പ്രവേശിച്ചു. തീരെ പ്രതീക്ഷിക്കാത്ത കണ്ണുകളിൽ കാമം കാണേണ്ടി വരുന്നതിൽപരം മറ്റൊരു ഗതികേടില്ല. പത്ത് കൽപ്പനകളിൽ ദൈവത്തി നും സ്വന്തം മനസ്സാക്ഷിക്കും മാത്രം ഞാൻ പിഴയാളി എന്ന് പിടികൊടുക്കുന്ന ഏക കൽപ്പനയാണിത്. സാക്ഷിയും തെളിവും കുറ്റം ചെയ്തവ നിലൊ/ ചെയ്തവളിലൊ മാത്രമായി അവശേഷി ക്കുന്നു എന്നത് ഇത്തരം കുറ്റകൃത്യ ങ്ങളിലെ അന്വേഷണത്തിന് പോലും വലിയ തലവേദന സൃഷ്ടിക്കാറുണ്ട്. സത്യത്തിൽ ഈശോ വിശദമാക്കി യതിൽ കവിഞ്ഞ ഒരു വിചിന്തനവും ഇനി ആവശ്യവുമില്ല.

ഈശോ പറയുന്നു: വലങ്കണ്ണ് നിനക്ക് വീഴ്ച വരുത്തുന്നു എങ്കിൽ അതിനെ ചൂഴ്ന്നെടുത്ത് എറിഞ്ഞു കളയുക. നൂറ്റാണ്ടുകൾക്കിപ്പുറം നിൽ ക്കുമ്പോൾ സത്യവചനത്തിന്റെ പൊരുൾ കുറേക്കൂടി വ്യക്തമാകുന്നു. സ്പർശം കൊണ്ടല്ലാതെ കേൾവിയുടെ സുഖത്തിലും കാഴ്ചയുടെ തരിപ്പിലും ഞാനും നിങ്ങളും ഉപയോഗിക്ക പ്പെട്ടിട്ടില്ല എന്ന് ഉറപ്പുണ്ടോ എന്നൊരു ചോദ്യം ഉയർന്നാൽ ഉണ്ടാവാം എന്ന് തന്നെയല്ലേ ഉത്തരം? ഇതേ ചോദ്യം സ്വന്തം മനസ്സാക്ഷിയുടെ നേർക്കാ ണെങ്കിലോ? കണ്ണിനും കാതിനും സുഖം പകരുന്ന, കാഴ്ചയും കേൾവിയും മാത്രമായി - സ്വന്തം ശരീരത്തിന്റെ ആവശ്യത്തിനായി- അപരനെ ഉപയോ ഗിച്ചിട്ടുണ്ടോ? ഈ ഭൂമിയിൽ മറ്റാരു മറിയാതെ- സ്വന്തം പങ്കാളിപോലും അറിയാതെ - കൊണ്ടുനടക്കുന്ന കെട്ട മുഖം നമ്മെ നോക്കി കോക്കിരി കാട്ടും.

വ്യഭിചാരത്തെ പീഡനമാക്കരുത്

ഒരു ജനക്കൂട്ടത്തോട് സംവദിക്കു മ്പോഴും, നീ എന്ന പദമാണ് ഈശോ ഉപയോഗിക്കുന്നത്. കാരണം വ്യഭി ചാരം എന്നത് മനുഷ്യന്റെ വ്യക്തി പരമായ തിന്മയാണ്. മുൻപേ പറഞ്ഞ തുപോലെ രണ്ടു മനുഷ്യർ ക്കിടയിൽ അല്ല മറിച്ച് ഒരു ഹൃദയത്തിലാണ് അതാദ്യം മുളയെടുക്കുന്ന തത്രെ. പീഡനം എന്ന വലിയ ബാനറിലേക്ക് വ്യഭിചാരവും, മാനഭംഗവും, ബലാൽ സംഗവും, മുതലെടുപ്പും, പരസ്പര സമ്മതത്തോടെയുള്ളതും, നിവൃത്തി കേടു കൊണ്ട് സംഭവിക്കുന്നതും, കൂടെയുള്ള അഞ്ചെട്ട് വകഭേദങ്ങളും ഒന്നിച്ച് കൂട്ടി കെട്ടിയതോടെ സംഭവിച്ച വല്ലാത്ത തല മരവിപ്പിലാണ് ഇന്ന് മലയാളി. ഈ പരിഷ്കാരത്തിന്റെ ആവശ്യം എന്തെന്ന് എത്ര ആലോ ചിച്ചിട്ടും പിടികിട്ടുന്നില്ല.

വിവാഹ വാഗ്ദാനം നൽകി വർഷങ്ങളോളം പീഡിപ്പിച്ചു എന്ന വാർത്ത, വർഷങ്ങളായി വ്യഭിചാര ത്തിൽ ഏർപ്പെട്ടിരുന്നവരിൽ ഒരാൾ മറ്റൊരാൾക്കെതിരെ വഞ്ചന കുറ്റം ആരോപിച്ചു എന്ന് വായിക്കപ്പെടു ന്നതല്ലേ അതിന്റെ ഒരു ശരി. ഇത്തരമൊരു ചുറ്റിക്കെട്ട് അവസാനി പ്പിച്ചാൽ പീഡന പരാതികളിൽ ഭൂരിഭാഗവും വെറും വഞ്ചന കുറ്റമായി പരിഗണി ക്കപ്പെടും എന്ന് തോന്നുന്നു. സ്നേഹം എന്ന വിശുദ്ധിക്കപ്പുറം ഒളിച്ചു വെച്ച ഏത് വിഷയത്തിന്റെ പേരിലും ഉടൽ പങ്കുവയ്ക്കപ്പെടരുത് എന്ന് സാരം. ഇത്തരം ആരോപണ പ്രത്യാരോപണങ്ങളിൽ സമൂഹം വിധി നട ത്തുന്ന രീതിയും ഭയക്കേണ്ടത് തന്നെയാണ്. നിങ്ങളിൽ പാപമില്ലാത്ത വൻ എന്ന വെല്ലുവിളി ഇതിനോട്

ചേർത്ത് വായിക്കാം. ഇത്തരം കുറ്റ കൃത്യങ്ങളെ കുറിച്ച് ഓൺലൈൻ മാധ്യമങ്ങൾ പുറത്തുവിടുന്ന എരിവ് ചേർത്ത വിവരങ്ങളുടെ കീഴിൽ പ്രത്യക്ഷപ്പെടുന്ന കമന്റുകളിൽ മലയാളിയുടെ വിശ്വരൂപം ഞെട്ടിക്കുന്നതാണ്. പിടിക്കപ്പെട്ടവരെ ക്രൂശിക്കുന്ന പിടിക്കപ്പെടാത്ത കുറ്റവാളികൾ. മണിപ്പൂർ കലാപത്തിനിടയിൽ സ്ത്രീകളെ തെരുവിൽ നഗ്നരാക്കിയ ഫോട്ടോ സോഷ്യൽ മീഡിയയിൽ കൈ മാറ്റം ചെയ്യപ്പെട്ട രീതി വല്ലാതെ ഭയപ്പെടുത്തി. അനീതിക്കെതിരെയുള്ള ക്യാമ്പെയിനപ്പുറം, ഈശോ സൂചിപ്പിച്ചതു പോലെ ഹൃദയത്തിൽ വ്യഭി ചാരം ചെയ്യുന്നവരുടെ ശതമാനം വർദ്ധിച്ചതിന്റെ ലക്ഷണം എല്ലാ അർത്ഥത്തിലും അതിൽ ഉണ്ടായിരുന്നു.

ആൺ-പെൺ ശാരീരിക പ്രത്യേകതകളെയും, മനുഷ്യന്റെ വ്യക്തിത്വരൂപീകരണത്തിൽ ലൈംഗീകതയ്ക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച പഠനങ്ങളെയും ശാസ്ത്രീയ വിശദീകരണങ്ങളെയും സൈഡാക്കി, മനുഷ്യശരീരത്തിലെ ഏതാനും അവയവങ്ങൾക്ക് മാത്രം അമിത പ്രധാന്യം കൊടുത്ത് ക്രൈസ്തവ സഭ കേരളത്തിൽ ഉണ്ടാക്കിയെടുത്ത കപട സദാചാരമുഖം പൊളിഞ്ഞുവീണു കഴിഞ്ഞു. ഈ വിഷയത്തെ ഏറ്റവും കൂടുതൽ ഉപയോഗിച്ചത് കരസ്മാറ്റിക്കുകാരാണെന്ന് തോന്നുന്നു. 1990 കളിലെ കരിസ്മാറ്റിക് ധ്യാനങ്ങളിൽ ദൈവ വചനത്തിലെ ചെറു വാക്യങ്ങളെ കോർത്തിണക്കി സ്പെഷൽ ക്ലാസ്സുകളെടുത്തിരുന്ന ചില ബ്രദറുമാരെ ഇപ്പോഴും ഓർമ്മയിലുണ്ട്. പാപബോധം / കുറ്റബോധം തുടങ്ങിയ വാക്കുകൾ കൊണ്ട് അതിവൈകാരികത കലർത്തിയ കൗൺസിലിംഗ് മുറികളെല്ലാം ഏതാണ്ട് അടച്ചുപൂട്ടിക്കഴിഞ്ഞു. ദൈവത്തിന് സ്തുതി. പുതിയ തലമുറയുടെ ധാർമിക വീക്ഷണം അടിമുടി മാറിക്കഴിഞ്ഞു. പോൺ വീഡിയോകളും, സെക്സ് സൈറ്റുകളും വിരൽത്തുമ്പത്ത് കിട്ടുന്ന തലമുറയോട് കാണരുത് കേൾക്കരുത് എന്ന് പറയുന്ന പഴയ വേദപാഠപുസ്തകം ഇനി എത്ര പ്രായോഗികമാകും? കാണുന്നവയും കേൾക്കുന്നവയും പരീക്ഷിക്കാനും പ്രയോഗികമാക്കാനും സമീപിക്കുന്ന ഉടൽ ഒരു ഉപഭോഗ വസ്തുവല്ല എന്ന വിവേകത്തിന്റെ സുവിശേഷം സമൂഹത്തിൽ വളർത്താൻ ഉള്ള ഉത്തരവാദിത്വമാണ് ഇനി സഭയ്ക്കുള്ളത്

അവളെ ഉപയോഗിച്ച് ഉപേക്ഷിക്കരുത്

ക്രിസ്തുവിനെപ്പോലെ പെണ്ണിനെ ഇത്രയും ഗൗരവത്തിൽ എടുത്ത മറ്റൊരു ഗുരുവും ഭൂമിയിൽ ഇല്ലല്ലോ! ജീവൻ അപകടത്തിൽ ആകുന്നതിലും നല്ലത് കണ്ണോ കാലോ കയ്യോ ഇല്ലാതാകുന്നതാണെന്ന കൽപ്പന കാർക്കശ്യമായി തോന്നാം. പെണ്ണായി പിറന്നവർക്ക് ഇതിലെ കാഠിന്യത്തോട് സമ്മതം തോന്നും. കാരണം പലപ്പോഴും ഞങ്ങളുടെ സ്നേഹത്തെ മറ്റെന്തിനോവേണ്ടിയുള്ള പച്ചക്കൊടിയെന്ന് ആദ്യകാലം മുതലേ വല്ലാതെ തെറ്റിദ്ധരിക്കപ്പെടുന്നുണ്ട്. ഒരു കുഞ്ഞ് അടുത്തു കൂടി വികൃതി കാട്ടുന്നതിന്റെയും ശ്രദ്ധ ആകർഷിക്കുന്നതിന്റെയും അടിസ്ഥാനം സ്നേഹം ആഗ്രഹിച്ച് ആണ് കേട്ടോ. തന്നെ മാത്രം ശ്രദ്ധിച്ചു തുടങ്ങുന്ന കണ്ണുകളോട് പെണ്ണ് കാതര ആകുന്നതും, കരുതൽ ഉണ്ടെന്ന തോന്ന ലിൽ പോലും, ഏറെ നേരം പയ്യാരം പറയുന്നതും ഇതേ കാരണം കൊണ്ടാണ്. പുഴയോരത്തെ ചാരുബെഞ്ചിൽ പരിസരം മറന്ന് ആണിന്റെ നെ ഞ്ചിൽ തല ചായ്ക്കുന്നതും, പൊതുയിടം എന്ന ബോധമില്ലാതെ ചുംബിക്കുന്നതും സ്പർശം സ്നേഹം എന്ന് തെറ്റിദ്ധരിച്ചിട്ടത്രേ. ആർത്തവവും വേഴ്ചയും മുലയൂട്ടും സുഖപ്രദമായ അനുഭൂതിയെന്ന് എഴുതാൻ മാത്രമാണ് എളുപ്പം. പലതിലുമുള്ള അതികഠിന വേദനയിലും അവൾ സംതൃപ്തി അറിയുന്നത്, ചുറ്റും സ്നേഹം പൊതിഞ്ഞു നിർക്കുന്ന അനുഭവം കൂടി അറിയുന്നതുകൊണ്ടാണ്. സ്നേഹംകൊണ്ട് തോറ്റു പോകുന്നിടത്താണ് പെണ്ണ് സഹനം ഏറ്റെടുക്കുന്നത്. സ്നേഹം എന്ന് തെറ്റിദ്ധരിച്ചത് ആസക്തിയായിരുന്നു എന്നറിയുന്ന നിമിഷം പെണ്ണ് മരിച്ചു പോകും. കാരണക്കാരനായ പുരുഷൻ കൊലപാതകിയുമാകും.

മണിപ്പൂർ കലാപത്തിലേക്ക് വീണ്ടും. വാർത്തകളിൽ ആവർ ത്തിച്ച് കേട്ടത് പെണ്ണിന്റെ സ്വകാര്യ ഇടങ്ങളിൽ സ്പർശിച്ചു എന്ന വാക്കാ യിരുന്നു. ശരീരം പെണ്ണിന്റേതോ ആണിന്റേതോ ആവട്ടെ, അതിൽ പൊതു ഇടവും സ്വകാര്യ ഇടവും വേർതിരിക്കുന്നതെങ്ങനെ? പെരു വിരൽ മുതൽ ഉച്ചിവരെ സ്വന്തം ശരീരം അവനനവന് മാത്രം അവകാശ പ്പെട്ടതാണ്. ഈ ബോധ്യത്തിൽ നിന്നാണ് എല്ലാ വ്യക്തി സ്വാതന്ത്ര്യ ങ്ങളും ആരംഭിക്കേണ്ടത്. ആത്മാവില്ലാത്ത വെറും വസ്തുവായി ഭോഗി ക്കപ്പെടുകയായിരുന്നു എന്നറിയുന്ന നിമിഷം മനുഷ്യർക്ക് ഹൃദയം ഇല്ലാതെ പോകും. അവരും അവരുടെ ഇരകളെ തേടിയിറങ്ങും. സിനിമ യിൽ മാത്രമല്ല ഇത്തരം കേസുകളുടെ അന്വേഷണങ്ങളിലും ഒരു ചങ്ങല കാണപ്പെടാറുണ്ട്. കൗമാരത്തിലെ അത്തരം ആകാംക്ഷകൾക്ക് സായന്തനങ്ങളിൽ പോലും ചിലപ്പോൾ കപ്പം കൊടുക്കേണ്ടി വന്നേക്കും. അപവാദങ്ങൾ ഉണ്ടാവാം എന്നതും ഓർമ്മിക്കുന്നു.

വ്യഭിചാരം എന്ന വാക്കിന്റെ മലയാള അർത്ഥം തെറ്റായി ചരി ക്കുക എന്നത്രെ. ഹൃദയവിചാരങ്ങൾ അറിയുന്നവന് നമുക്കും ഉറപ്പ് കൊടുക്കാം, ഒരു മനുഷ്യജന്മവും പാഴായി ചരിക്കാൻ ഞാൻ കാരണമാകില്ല, തമ്പുരാനെ!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com